"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഇ.ഡബ്ല്യുഎ3/179/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യുഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 15/02/2021

## സർക്കുലർ

വിഷയം:- തസ്വഭവ- എഞ്ചിനീയറിംഗ് വിഭാഗം - സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കുന്നത് - സർക്കുലറിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. 12.09.2011-ലെ 42448/ഇ.ഡബ്ല്യു3/2011/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ.
2. 24.01.2020-ലെ ഇ.ഡബ്ല്യു3/330/2019/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.10.2020-ലെ ഡിബി5/ 9495/2009/സിഇ/തസ്വഭവ നമ്പർ കത്ത്.

സംസ്ഥാനത്തെ എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾക്ക് ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ആയി 1.25% തുക ഈടാക്കുന്നത് സംബന്ധിച്ച് സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പിന്നീട്, പഴക്കം ചെന്നതും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ചതുമായ സ്കൂൾ കെട്ടിടങ്ങൾക്ക് ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് 1.25% സൂപ്പർവിഷൻ ചാർജ്ജ് ഒഴിവാക്കിയും, ഇത്തരം കെട്ടിടങ്ങൾക്ക് ആദ്യതവണ ഫിറ്റ്നസ് നൽകുന്നതിന് മുമ്പായി കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഉറപ്പ് വരുത്തിക്കൊണ്ടും, പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കി കൊണ്ടും, ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് നൽകാമെന്നും, പ്രസ്തുത കെട്ടിടത്തിന് വരുംകാലങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടി വരുകയാണെങ്കിൽ വാർഷിക ഫീസ് ഈടാക്കിക്കൊണ്ട് വാർഷിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാമെന്നും വ്യവസ്ഥ ചെയ്ത് സൂചന (2) പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

2. എന്നാൽ, 24.01.2020-ലെ പ്രസ്തുത സർക്കുലറിൽ ചില അവ്യക്തതകൾ നിലനിൽക്കുന്ന തിനാൽ ഉചിതമായ ഭേദഗതികൾ ആവശ്യമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സൂചന (3) പ്രകാരം സർക്കാറിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

3. മേൽ നിർദ്ദേശം സർക്കാർ പരിശോധിച്ചു. പ്രസ്തുത പരിശോധനയിൽ ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ കാലാനുസൃതമായിട്ടുള്ളതും, റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനും സഹായകമാണെന്ന് സർക്കാർ കാണുന്നു. മേൽ സാഹചര്യത്തിൽ, താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി സൂചന 1, 2 പ്രകാരമുള്ള സർക്കാർ സർക്കുലറുകൾ ഭേദഗതി ചെയ്യുന്നു.

(i) സ്കൂൾ കെട്ടിടത്തിന്റെ പ്ലിന്ത് ഏര്യയുടെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് ഫീസ് നിശ്ചയിച്ചിരിക്കുന്നത്, സ്കൂൾ കെട്ടിടത്തിന്റെ built up area യുടെ അടിസ്ഥാനത്തിൽ എന്നാക്കി മാറ്റം വരുത്തിയിരിക്കുന്നു.

(ii) സൂചന (2) സർക്കുലറിലെ 'പഴക്കം ചെന്ന സ്കൂൾ കെട്ടിടം' എന്നതിന് പകരം 01.01.2012 തീയതിക്ക് മുമ്പ് ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭ്യമായ സ്കൂൾ കെട്ടിടങ്ങളുടെ built up area യുടെ അടിസ്ഥാനത്തിൽ സൂചന (2)

സർക്കുലറിൽ വ്യക്തമാക്കിയിരിക്കുന്ന പ്രകാരം കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഉറപ്പ വരുത്തി കൊണ്ട് നിശ്ചിത ഫീസ് ഈടാക്കിയും, 01.01.2012-ന് ശേഷം ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങൾക്ക് 1.25 % നിരക്കിൽ സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കിയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(iii) സ്കൂൾ കെട്ടിടങ്ങളുടെ ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അസി.എക്സി.എഞ്ചിനീയറും, തുടർന്നുള്ള വർഷങ്ങളിൽ വാർഷിക സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അസി.എഞ്ചിനീയറുമാണ് നൽകേണ്ടത്.

(iv) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ള സ്കൂൾ കെട്ടിടങ്ങളിൽ major alteration/structural change (Roof changing (Tile Roof to concrete roof) പോലുള്ളവ) ആവശ്യമായി വരികയാണെങ്കിൽ ബന്ധപ്പെട്ട അസി. എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും മുൻകൂർ അംഗീകാരം/അനുമതി ലഭ്യമാക്കേണ്ടതും, ഇത്തരത്തിലുള്ള പുതിയ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുകയുടെ 1.25% നിരക്കിൽ ഫീസ് ഈടാക്കി ആദ്യ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അസി.എക്സി.എഞ്ചിനീയറും, തുടർന്നുള്ള വർഷങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അസി.എഞ്ചിനീയറും നൽകേണ്ടതാണ്.

4. മേൽ ഭേദഗതിയോടെ സൂചന (1) & (2)-ലെ സർക്കുലറുകൾ നിലനിൽക്കുന്നതായിരിക്കും.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SREEKANTH G
Date: 2021.02.15 10:43:34 IST
Reason: Approved
സെക്ഷൻ ഓഫീസർ.

SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

പകർപ്പ് :

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (പകർപ്പ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
തദ്ദേശ സ്വയംഭരണ (EPA/EPB/EU/ERB/ERA) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പഴയ തീർപ്പുഫയലുകളിലേക്ക്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.